നന്നായിരിക്കും എന്നു ഗവണ്മെൻറ് കരുതുന്നുണ്ടോ എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ഒരുവുണ്ടാകുമോ ?

HON'BLE MR. G. RAMACHANDRAN : പിന്നോക്കസമുദായങ്ങളിൽ നിന്നും തക്കതായ ആളുകളെ കിട്ടുന്നപക്ഷം അങ്ങനെ ചെയ്യുന്നതു് നന്നായിരിക്കുമെന്നാണു് ഗവണ്മെൻറിനു തോന്നുന്നതു്.

MR. P. K. KRISHNAN SASTRI : ഇപ്പോൾ പിന്നോക്കസമുദായത്തിൽനിന്നും തക്കതായ ആരും ഇല്ലെന്നാണോ പറയുന്നതു് ?

HON'BLE MR. G. RAMACHANDRAN : ഇപ്പോൾ ചോദിച്ചിരിക്കുന്നതു് പ്രത്യേകം ഒരുദ്യോഗത്തെപ്പറ്റിയാണു്. അതിനു് തക്കതായ ഒരാളെ ഇതുവരെ കിട്ടിയില്ല.

MR. P. K. KRISHNAN SASTRI : ഗവണ്മെൻറ് പരീക്ഷകളൊന്നും തന്നെ ഇല്ലാത്ത പലരും ഈ ഡിപ്പാർട്ടുമെൻറിൽ ഉദ്യോഗങ്ങൾ വഹിക്കുന്നുണ്ടെന്നു അനുമാനിക്കാൻ വകയുണ്ടു്. മി. കെ. പി. തമ്പിതമ്പുരാൻ കുമരപ്പയുടെ കീഴിൽ പരിശീലനം നടത്തിയെന്നുമാത്രമേ പറയുന്നുള്ളൂ. അദ്ദേഹത്തിനു് എവിടെയാണു് ജോലിയെന്നറിയുന്നില്ല.

MR. PRESIDENT : ഇപ്പോൾ ഒരു പ്രസംഗം ചെയ്യുവാൻ മെംബർക്കു് അവകാശമില്ല. ഉപചോദ്യങ്ങളുണ്ടെങ്കിൽ ചോദിക്കാം.

MR. P. K. KRISHNAN SASTRI : പിന്നോക്കസമുദായത്തിൽ പരീക്ഷായോഗ്യതയുള്ളവരുണ്ടെങ്കിൽ അവരെത്തന്നെ ഈ ഡിപ്പാർട്ടുമെൻറിൽ നിയമിക്കുമോ ?

HON'BLE MR. G. RAMACHANDRAN : അതേപ്പറ്റി ആലോചിക്കുന്നതാണു്.

Telephone and Electricity for Varapuzha.

380. MR. ALEXANDER VAKAYIL (*Parur II—Latin Catholic*): Will the Honourable Minister for Electricity be pleased to state whether the Government will make arrangements to extend telephone connection and electric line from Parur to Varapuzha in the Parur taluk ?

HON'BLE MR. A. ATCHUTHAN : Extension of phone to Varapuzha is scheduled for 1126 M. E. and the work will be completed in that year.

Extension of power lines to Varapuzha will be given when supply position to line materials and load conditions of the place improve.

Ban on the export of Tapioca and Fruits.

381. MR. E. K. MADHAVAN (*Parur I—General*): Will the Honourable Minister for Excise be pleased to state whether the Government have received any representation regarding the lifting of the ban on the export of tapioca and fruits and vegetables from the State?

LIBRARY ARCHIVES Kerala Legislative Assembly